**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1296** **27-07-2021 - ൽ മറുപടിയ്ക്ക്**

**കായിക താരങ്ങൾക്ക് തൊഴിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മികവ് തെളിയിച്ച കായിക താരങ്ങൾക്ക് തൊഴിൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം പ്രതിവർഷം 50 ഒഴിവുകൾ കായികതാരങ്ങൾക്കായി നീക്കി വച്ചിട്ടുണ്ട്. ആയതിൽ 2010-14 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തീകരിച്ചുവരുന്നു. 2015-19 വരെയുള്ള കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര കായിക താരങ്ങൾക്ക് തൊഴിൽ നൽകിയെന്ന വിശദാംശം നൽകാമോ? | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ, മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിൽ 195 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. മലയാളിയായ ഇന്ത്യൻ ഫുട്ബോൾ താരം ശ്രീ.സി.കെ.വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കി വച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടറിയേറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പിൽ 137 കായിക താരങ്ങൾക്ക് ഹവിൽദാർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. വർഷംതോറും മികച്ച 50 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികളുടെ ഭാഗമായി 195 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | 54 പേരുടെ അന്തിമപട്ടിക നിയമനത്തിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ 2015 മുതൽ 2019 വരെയുള്ള ഒഴിവുകളിലേയ്ക്ക് സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. മാനസിക പക്വത കൈവരിക്കാത്ത ശ്രീ.ഷൈഭൻ.ഇ.ബിയ്ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനു വേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി, കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ ഒഴിവിൽ നിയമനം നൽകിയിട്ടുണ്ട്. 72-ാമത് സന്തോഷ് ട്രോഫി ജേതാക്കളായ കേരള ടീമിലെ 11 കായിക താരങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.ഡി ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. 35ാമത് ദേശീയ ഗെയിംസിൽ വെള്ളി,/വെങ്കല മെഡലുകൾ കരസ്ഥമാക്കിയ 82 കായിക താരങ്ങൾക്ക് കായിക യുവജനകാര്യാലയത്തിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കായികയുവജനകാര്യാലയത്തിന്റെ അധീനതയിലുള്ള രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു തസ്തിക സൃഷ്ടിച്ച് ഹോക്കി താരമായിരുന്ന ശ്രീമതി.ശകുന്തള.ഡി.വിയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. കായിക മികവിന്റെ അടിസ്ഥാനത്തിൽ കുമാരി രാജിമോൾ.പി.കെ.യ്ക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ